**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2598** **21-01-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേത്ര ദർശനത്തിലുള്ള നിയന്ത്രണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി. കെ. സി. മമ്മത് കോയ | | Shri. Kadakampally Surendran<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയുടെ ഭാഗമായി വരുമാനം നിലച്ചുപോയ ക്ഷേത്രങ്ങളിലെ ജീവനക്കാരെ സഹായിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | സാമ്പത്തിക പ്രതിസന്ധി മൂലം വരുമാനക്കുറവുണ്ടായ ദേവസ്വം ബോർഡുകൾക്ക് ചുവടെ പറയും പ്രകാരം പ്രത്യേക ധനസഹായം നൽകിയിട്ടുണ്ട്. തിരുവിതാം കൂർ ദേവസ്വം ബോർഡ് -80 കോടി രൂപ കൊച്ചിൻ ദേവസ്വം ബോർഡ് - 15 കോടി രൂപ മലബാർ ദേവസ്വം ബോർഡ് - 10 കോടി രൂപ കൂടൽമാണിക്യം ദേവസ്വം- 10 ലക്ഷം രൂപ. |
| (ബി) | ഇപ്പോൾ ക്ഷേത്ര ദർശനത്തിലുള്ള നിയന്ത്രണങ്ങളിൽ ഇളവു വരുത്തിയിട്ടുണ്ടോയെന്നറിയിക്കാമോ; | (ബി) | കോവിഡ്-19 പശ്ചാത്തലത്തിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ആരോഗ്യ സുരക്ഷാ പ്രോട്ടോകോൾ പാലിച്ചു കൊണ്ട് ക്ഷേത്ര ദർശനം നടത്താവുന്നതാണ്. |
| (സി) | കോവിഡ് മഹാമാരിയുടെ ഭാഗമായി പ്രയാസത്തിലായ ക്ഷേത്ര കലാകാരൻമാരെ സഹായിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | കോവിഡ് മഹാമാരിയുടെ ഭാഗമായി സമൂഹത്തിലെ സാമൂഹ്യ സുരക്ഷ/ ക്ഷേമ പെൻഷനുകൾ ലഭിക്കാത്ത BPL(PHH), AAY വിഭാഗത്തിൽപെട്ട എല്ലാ വിഭാഗം ജനങ്ങൾക്കും സർക്കാർ പൊതു ഉത്തരവിലൂടെ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ